# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മേയ് 12, വെള്ളി

**നമ്പർ 69**

രാവിലെ 8.30 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 25-4-2017-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 46-ന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മേശപ്പുറത്തു വച്ചു.

അടിയന്തരപ്രമേയം :

മൂന്നാറിലെ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നത് നിർത്തിവച്ചതുമൂലവും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്തത്തെ ദോഷകരമായി ബാധിക്കുന്ന രീതിയിൽ റവന്യൂ വകുപ്പിന്റെ നടപടികളെ നിയന്ത്രിക്കാൻ മുഖ്യമന്ത്രി ശ്രമിക്കുന്നതായി പറയപ്പെടുന്നതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ടി. തോമസും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും മറുപടിയുടെ വെളിച്ചത്തിൽ സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരാണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ അൺ എയ്ഡഡ്, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തൊഴിൽ സുരക്ഷയും ഏറ്റവും കുറഞ്ഞ വേതനവും ഉറപ്പാക്കുന്നതിന് നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എം. രാജഗോപാലൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 941/2017(i).

(2) ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിലേക്കായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതിന്റെയും മൂന്നാറിനെ സംരക്ഷിക്കാൻ നിയമനിർമ്മാണം നടത്തേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. റോഷി അഗസ്റ്റിൻ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു :

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | നഞ്ചൻകോട് സുൽത്താൻബത്തേരി നിലമ്പൂർ റെയിൽപാത | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 2 | ശ്രീ. സി. കെ. ഹരീന്ദ്രൻ | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ പട്ടിണി സമരം | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 3 | ശ്രീ. അനൂപ് ജേക്കബ് | ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന്റെ നിർമ്മാണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | വീടുകളുടെ ആഡംബര നികുതിക്ക് കാലപരിധി നിശ്ചയിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. എസ്. ശബരീനാഥൻ | വിതുര താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 6 | ശ്രീ. എ. എം. ആരിഫ് | തുറവൂർ താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 7 | ശ്രീ. എ. എൻ. ഷംസീർ, ശ്രീ. പി. ടി. തോമസ്, ശ്രീ. എം. സ്വരാജ് | എ.ടി.എം. ഉപയോഗിക്കുന്നതിന് എസ്.ബി.ഐ. ഉപഭോക്താക്കളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. ദിവാകരൻ | ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനം | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന ചെയ്തു.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം:

(i) ശ്രീ. കെ. കൃഷ്ണൻകുട്ടി അദ്ദേഹം നോട്ടീസ് നൽകിയ 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ശ്രീ. കോവൂർ കുഞ്ഞുമോൻ പ്രമേയത്തെ പിന്താങ്ങി. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(ii) ശ്രീ. പി. ടി. തോമസ് അദ്ദേഹം നോട്ടീസ് നൽകിയ 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ശ്രീ. അൻവർ സാദത്ത് പ്രമേയത്തെ പിന്താങ്ങി. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(iii) ശ്രീ. എൻ. ഷംസുദ്ദീൻ അദ്ദേഹം നോട്ടീസ് നൽകിയ 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പ്രമേയത്തെ പിന്താങ്ങി. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(iv) ശ്രീ. ബി. സത്യൻ അദ്ദേഹം നോട്ടീസ് നൽകിയ 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ്

കൗൺസിൽ രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ശ്രീ. ജോൺ ഫെർണാണ്ടസ് പ്രമേയത്തെ പിന്താങ്ങി. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(v) ശ്രീ. കെ. രാജൻ അദ്ദേഹം നോട്ടീസ് നൽകിയ 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു ശ്രീ. ചിറ്റയം ഗോപകുമാർ പ്രമേയത്തെ പിന്താങ്ങി. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

[കാര്യവിവരപ്പട്ടികയിലെ 3(i), 3(ii), 3(iii) എന്നീ ഇനങ്ങളിൽ കാണിച്ചിരുന്ന അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള തുടർചർച്ചയ്ക്കുള്ള അവസരം അവ അവതരിപ്പിച്ച അംഗങ്ങൾ ഹാജരില്ലാത്തതിനാൽ നഷ്ടപ്പെട്ടതായി ചെയർ അറിയിച്ചു]

2017 മേയ് 15-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 12.30-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Fifth Session**

# BULLETIN—PART I

(Brief Record of Proceedings)

*Friday May 12, 2017.*

**No. 69**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions :*

Four questions in the list of questions posted for the day were answered orally.

Correction of answer to Unstarred Question:

A statement correcting the answer to unstarred question No. 46 dated 25-4-2017 of the Fifth Session of the Fourteenth Kerala Legislative Assembly along with the corrected answer was laid on the table by Shri Pinarayi Vijayan, the Chief Minister.

*Adjournment Motion :*

After hearing the Minister for Revenue and Housing and the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri P. T. Thomas and two other Members regarding the serious situation reported to have arisen consequent on the stoppage of evacuation of encroachments in Munnar and the reported move of the Chief Minister to curtail the action taken by the Revenue Department which undermined the collective responsibility of the Cabinet.

In protest against the attitude of the Government in the matter the Members belonging to the opposition staged a walkout.

*Calling Attention :*

Shri M. Rajagopalan called the attention of the Minister for Education to the necessity to take steps, including legislative measures, to ensure job security and minimum wages to the teaching and non-teaching staff of unaided and self financing educational institutions in the State. The Minister made a statement thereto.

KNPP. 941/2017(ii).

Shri Roshy Augustine called the attention of the Minister for Revenue and Housing to the necessity to make necessary amendments in the relevant rules to solve the land related issues in Idukki and to make legislation to conserve Munnar. The Minster made a statement thereto.

Matters raised by Members under Rule 304

The matters were raised by Members in the House under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | നഞ്ചൻകോട് സുൽത്താൻബത്തേരി നിലമ്പൂർ റെയിൽപാത | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 2 | ശ്രീ. സി. കെ. ഹരീന്ദ്രൻ | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ പട്ടിണി സമരം | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 3 | ശ്രീ. അനൂപ് ജേക്കബ് | ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന്റെ നിർമ്മാണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | വീടുകളുടെ ആഡംബര നികുതിക്ക് കാലപരിധി നിശ്ചയിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. എസ്. ശബരീനാഥൻ | വിതുര താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 6 | ശ്രീ. എ. എം. ആരിഫ് | തുറവൂർ താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 7 | ശ്രീ. എ. എൻ. ഷംസീർ, ശ്രീ. പി. ടി. തോമസ്, ശ്രീ. എം. സ്വരാജ് | എ.ടി.എം. ഉപയോഗിക്കുന്നതിന് എസ്.ബി.ഐ. ഉപഭോക്താക്കളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. ദിവാകരൻ | ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിയമനം | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Private Members' Business*

1. The Seventh Report of the Committee on Private Members' Bills and Resolutions was adopted by the House.

2. Motion for Leave to introduce the following Bills:

(i) Shri K. Krishnankutty moved the motion for leave to introduce the Kerala State Farmers Welfare Board Constitution Bill, 2017 given notice of by him. Sri Kovoor Kunjumon seconded the motion. Since the motion was opposed the mover was allowed to make a brief statement. The statement was inconclusive.

(ii) Shri P. T. Thomas moved the motion for leave to introduce the Kerala Pedestrians Safety Ensuring Authority Constitution Bill, 2017 given notice of by him. Shri Anwar Sadath seconded the motion. Since the motion was opposed the mover was allowed to make a brief statement. The statement was inconclusive.

(iii) Shri N. Samsudheen moved the motion for leave to introduce the Criminal Laws (Kerala Amendment) Bill, 2017, given notice of by him. Shri N. A. Nellikkunnu seconded the motion. Since the motion was opposed the mover was allowed to make a brief statement. The statement was inconclusive.

(iv) Shri B. Satyan moved the motion for leave to introduce the Constitution of Apex Council for Co-ordinating the District Tourism Promotion Councils in the State Bill, 2017, given notice of by him. Shri John Fernandez seconded the motion. Since the motion was opposed, the mover was permitted to make a brief statement. The statement was inconclusive.

(v) Shri K. Rajan moved the motion for leave to introduce the Kerala State Local News Paper-Visual Media workers Welfare Fund Bill, 2017, given notice of by him. Shri Chittayam Gopakumar seconded the motion. Since the motion was opposed the mover was allowed to make a brief statement. The statement was inconclusive.

[ The Chair informed that continuation of discussion on the motion for leave to introduce the Private Members' Bills mentioned in the list of business as item 3 (i), 3 (ii) and 3(iii) stood lapsed since the movers of the Bills were absent.]

The House adjourned at 12.30 p.m. to meet again 8.30 a.m. on Monday, May 15, 2017.

V. K. BABU PRAKASH,
*Secretary.*